LIBRARY ARCHIVES Kerala Legislative Assembly

അതാത് മെഡിക്കൽ കോളേജുകളുടെ പ്രിൻസിപ്പൽ ചെയർമാനായിട്ടുള്ള ജില്ലാതല ആതറൈസേഷൻ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ടിലെ പ്രധാന പരിഗണനാ വിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ മുഖ്യലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്.

(സി) ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അവയവ ദാനരംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യവും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള ആതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്.

ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ

27 (*237) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എങ്കിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെയും ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾ കണ്ടെത്താനും നിയമ നടപടി സ്വീകരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാന മെന്താണെന്ന് വിശദമാക്കുമോ ;

(സി) 2013-14 വർഷങ്ങളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനത്തിന് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നിലവിലുണ്ട്.

(ബി) സംസ്ഥാന വ്യാപകമായി ഐസ്ക്രീം പൗഡർ, ബദാം മിക്സ്, ഷാർജ, പിസ്ത ജ്യൂസ് പൗഡർ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന യ്ക്കയച്ചതിൽ മാരകമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള പരാതി വളരെ ഗൗരവമുള്ളതായതിനാൽ സംസ്ഥാന വ്യാപകമായി ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ നിരന്തരം ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. ഇതുസംബന്ധിച്ച് നിരന്തര പരിശോധന നടത്തുവാനും ഈ വിഷയത്തിൽ അതീവ ജാഗ്രത പാലിക്കുവാനും നിർദ്ദേശമുണ്ട്. ആരോഗ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്ന തിനായി ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ പരിശോധന നടത്തുന്നതും പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) സ്വീകരിച്ചിട്ടില്ല.

സ്വകാര്യ മേഖലയിലെ തൊഴിൽ സുരക്ഷിതത്വം

28 (*238) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly